(Pages : 3) **D – 3051**

Reg. No. : ....................................

Name : ....................................

**Third Semester B.A. Degree Examination, December 2017**
**First Degree Programme Under CBCSS**
**Complementary Course V for Malayalam**
**ML 1331.1 : PARISTHITHI SIDDHANTHAVUM AAVISHKARAVUM**
**(2014 Admn. Onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) ജൈവമനുഷ്യൻ ആരുടെ കൃതിയാണ് ?

2) 'പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര' എഴുതിയത് ആര് ?

3) 'വനത്തിൽ താമസിക്കാൻ വരുന്നതിൽ എനിക്കുണ്ടായിരുന്ന ഒരാകർഷണം വസന്തമണയുന്നതു കാണാനുള്ള ഒഴിവ് സമയവും സന്ദർഭവും ലഭിക്കും എന്നതാണ്' – ആർക്ക് ?

4) വീണ് കഴുകുകൾ കൊത്തിച്ചികഞ്ഞിട്ടത് എന്താണ് ?

5) കേശവന്റെ മുറ്റത്ത് പുലർച്ചെ ഉറവപ്പൊട്ടിയ അതിശയം എന്താണ് ?

6) 'ഇന്ന് മുതൽ ഇത് നിങ്ങളുടെ കിണറാണ്' – ആരുടെ വാക്കുകൾ ?

7) 'സ്വർഗ്ഗം' എന്ന സ്ഥലം ആവിഷ്കരിച്ചിരിക്കുന്നത് ഏത് കൃതിയിൽ ?

8) ജടാധാരി മലയുടെ കാവൽക്കാരൻ ആര് ?

9) 'എനിക്ക് കുറച്ച് കഞ്ഞിവെള്ളം ഉപ്പിട്ടുതരൂ. എന്റെ മനം പിരട്ടൊലൊക്കെ മാറി' – ഇത് ആരുടെ വാക്കുകൾ ?

10) 'കഥയും പരിസ്ഥിതിയും' ആരുടെ കൃതി ? **(10×1=10 Marks)**

P.T.O.

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.

11) 'വീട്ടിലെ പഠനമുറിയിലെത്തി അവൾ വാതിലടച്ചു...... ഏങ്ങിയേങ്ങി കരയാൻ തുടങ്ങി' – എന്തിന് ?

12) 'ഇങ്ങനെ സ്വാദോടെ കഴിക്കണ ആൾക്ക് വെച്ചുവിളമ്പി കൊടുക്കാൻ ഏത് പെണ്ണാ മോഹിക്കാത്തത് ' – ഇത് ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

13) വാർസ തടാകത്തിന്റെ ഹരിതപരിസരം എപ്രകാരമുള്ളതാണ് ?

14) മറ്റൊരു ബുദ്ധനെതേടി ഗൗളി ഇഴഞ്ഞുപോകാൻ കാരണമെന്ത് ?

15) 'ആരും കടന്നു ചെന്നിട്ടില്ലാത്ത വനങ്ങളും അതിനെ വലയം ചെയ്തു നിൽക്കുന്ന പുൽമൈതാനങ്ങളും ഇല്ലായിരുന്നെങ്കിൽ നമ്മുടെ ഗ്രാമീണജീവിതം നിശ്ചലമാകുമായിരുന്നു' ഇങ്ങനെ പറയാൻ കാരണമെന്ത് ?

16) വിരുദ്ധധ്രുവങ്ങളിൽ താമസിക്കുന്നവർക്ക് പ്രത്യേകിച്ച് താല്പര്യമുണ്ടാക്കുന്നവ എന്തെല്ലാമാണ് ?

17) 'ഒരുവൻ ഉരുക്കി കളയുന്നു. അപരനോ തുണ്ടുകളായി ചിതറിക്കുന്നു'. എന്തിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

18) കാലാവസ്ഥ വ്യതിയാനമനുസരിച്ച് താമസസ്ഥലം മാറുന്ന ഏതു വർഗ്ഗത്തെ കുറിച്ചാണ് തോറ പറയുന്നത് ? വിശദമാക്കുക.

19) 'എൻമകജെ' എന്ന നാടിന്റെ അർത്ഥവ്യാപ്തി വിശദീകരിക്കുക.

20) എങ്ങനെയുള്ള ബുദ്ധപ്രതിമയുടെ ഫോട്ടോകളാണ് കണ്ണന്റെ പക്കലുള്ളത് ?

21) 'അമ്മുവിന് അവിടെ നിൽക്കാൻ തോന്നിയില്ല. അവൾ തിരിഞ്ഞോടി' – കാരണമെന്ത് ?

22) 'എവിടെ നെയ് എന്നു വിസ്മയം കൊണ്ടു ഞാൻ' – കവി വിസ്മയിക്കാൻ കാരണമെന്ത് ?

**(8×2=16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) ജലരാശി എന്ന കഥ പ്രകൃതിചൂഷണത്തിന്റെ നേർ പകർപ്പാണ്. അപഗ്രഥിക്കുക.

24) 'മരണങ്ങളുടെ ആശുപത്രി' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

25) പരിസ്ഥിതി ദർശനത്തിന്റെ ഭൂവികയിൽ നിന്നുകൊണ്ട് 'അരജീവിതങ്ങൾക്ക് ഒരു സ്വർഗ്ഗം' എന്ന ചലച്ചിത്രത്തിന് ഒരാസ്വാദനകുറിപ്പ് തയ്യാറാക്കുക.

26) പ്രകൃതിയുടെ അവസ്ഥാന്തരങ്ങൾ മനുഷ്യഇന്ദ്രിയങ്ങളെ എങ്ങനെ സ്വാധീനിക്കുമെന്നാണ് തോറ പറയുന്നത് ?

27) ''എൻമകജെ' ഉയർത്തി പിടിക്കുന്ന ഹരിത രാഷ്ട്രീയം വിശകലനം ചെയ്യുക.

28) പരിസ്ഥിതി മാർക്സിയം ലക്ഷ്യം വയ്ക്കുന്നതെന്താണ് ?

29) പരിസ്ഥിതി സൗന്ദര്യശാസ്ത്രം എന്നതുകൊണ്ട് ലേഖകൻ ലക്ഷ്യമാക്കുന്നതെന്താണ് ?

30) ''ഈ ബുദ്ധൻ ചിരിക്കണോ കരയ്യാണോ അച്ഛാ' ? ഇങ്ങനെ ചോദിക്കാൻ കാരണമെന്ത് ?

31) പ്രകൃതിസ്രോതസുകൾ നശിപ്പിക്കുന്നത് മനുഷ്യ ജീവിതം അസാധ്യമാക്കും – ഈ പ്രസ്താവനയോട് നിങ്ങൾക്ക് ഉള്ള പ്രതികരണം തയ്യാറാക്കുക. **(6×4=24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

32) പുരോഗതി കാളകൂട വ്യവസായമായി മാറുമ്പോൾ പുരോഗതിയെന്ന സങ്കല്പത്തിന്റെ വന്ധ്യതയെ നമുക്ക് പറഞ്ഞു തരുന്നതാണ് 'എൻമകജെ' – ഉപന്യസിക്കുക.

33) ആധുനിക ജീവിതത്തിന്റെ കെടുതികൾ തൊട്ടറിഞ്ഞ കവിയുടെ വിലാപമാണ് 'നെയ്യാർ' – വിമർശനാത്മകമായി വിലയിരുത്തുക.

34) ഒരു പക്ഷികുഞ്ഞിന്റെ മരണം എന്ന നാടകം എത്രമാത്രം പാരിസ്ഥിതിക ചിന്തകൾ മുന്നോട്ടു വയ്ക്കുന്നുവെന്ന് ചർച്ച ചെയ്യുക.

35) നിലനില്പിനുവേണ്ടിയുള്ള സാമൂഹ്യമുന്നേറ്റങ്ങളിൽ 'ജലരാശി' പോലെയുള്ള കഥകൾ എത്രമാത്രം പ്രസക്തമാണെന്ന് അന്വേഷിക്കുക. **(2×15=30 Marks)**

---

(Pages : 3) **D – 3052**

Reg. No. : ..........................................

Name : ..........................................

# Third Semester B.A. Degree Examination, December 2017
## First Degree Programme Under CBCSS
## MALAYALAM LANGUAGE, CULTURE AND LITERATURE
## Core Course – III
## ML 1341 : Sahitya Siddhanthangal : Eastern and Western
## (2014 Admn. Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ട്** വാക്യത്തിലോ ഉത്തരമെഴുതുക.

1) വർഗസ്വഭാവം, യുഗസ്വഭാവം, സമകാലീനമായ ചുറ്റുപാടുകൾ എന്നീ മൂന്നു ഘടകങ്ങളുടെ ഉല്പന്നമാണ് സാഹിത്യം എന്നഭിപ്രായപ്പെട്ടതാര് ?

2) പതിന്നാലു വരിയിൽ ഒതുങ്ങി നിൽക്കുന്ന സാഹിത്യരൂപമേത് ?

3) യുക്തിയുടെയും ഭാവനയുടെയും സഹകരിച്ചുള്ള വ്യവഹാരത്താൽ ആനന്ദവും സത്യവും മിളനം ചെയ്യുന്ന കലയാണ് കവിത എന്നഭിപ്രായപ്പെട്ടതാര് ?

4) 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. പക്ഷേ, അവൻ എന്നും ചങ്ങലക്കെട്ടിലാണ്'. എന്ന വിഖ്യാത വചനം ആരുടേതാണ് ?

5) പൂർവ്വകാലങ്ങളിൽ മനുഷ്യർക്കുണ്ടായ അനുഭവങ്ങൾ അതേ രൂപത്തിൽ (ആദിപ്രരൂപങ്ങൾ) തുടർന്നുകൊണ്ടിരിക്കുന്നു എന്നഭിപ്രായപ്പെട്ട മനശ്ശാസ്ത്ര നിരൂപകനാര് ?

6) ന്യൂക്രിട്ടിസിസം എന്ന പദം ആദ്യം ഉപയോഗിച്ചതാര് ?

7) 'അപാരേ കാവ്യസംസാരേ കവിരേഖ പ്രജാപതി' – എന്നു പ്രസ്താവിച്ച പൗരസ്ത്യ ആലങ്കാരികനാര് ?

8) ഭരതമുനി രസസിദ്ധാന്തം അവതരിപ്പിക്കുന്ന ഗ്രന്ഥമേത് ?

9) 'തെല്ലിതിൻ സ്പർശമില്ലാതെയില്ലലങ്കാരമൊന്നുമേ' – ഏതിന്റെ ?

10) തുള്ളലിൽ സാധാരണയായി ഉപയോഗിച്ചു വരുന്ന വൃത്തമേത് ? **(10×1=10 Marks)**

**P.T.O.**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ഗുണീഭൂതവ്യംഗ്യം – നിർവചിക്കുക.

12) രൂപകാതിശയോക്തി – ലക്ഷ്യലക്ഷണം.

13) രസസൂത്രം – നിർവചിക്കുക.

14) അഭിധ.

15) ഛന്ദസ്സ്.

16) സ്രഗ്ദ്ധര – ലക്ഷണം കല്പിക്കുക.

17) മഞ്ജരി.

18) ക്ലാസ്സിസിസം.

19) പരിസ്ഥിതി സൗന്ദര്യശാസ്ത്രം.

20) സമാസോക്തി.

21) അഭിധാമൂലവ്യഞ്ജന.

22) സഞ്ചാരീഭാവം. **(8×2=16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക.

23) ശബ്ദാലങ്കാരങ്ങളുടെയും അർത്ഥാലങ്കാരങ്ങളുടെയും സാമാന്യസ്വഭാവം വിശകലനം ചെയ്യുക.

24) ഭാഷാവൃത്തങ്ങളുടെ പൊതുസ്വഭാവം സംഗ്രഹിക്കുക.

25) റിയലിസം – കുറിപ്പ് തയ്യാറാക്കുക.

26) സോഷ്യോളജിക്കൽ ക്രിട്ടിസിസം എന്നാലെന്ത് ?

27) മമ്മടന്റെ കാവ്യപ്രയോജനം നിർവചിക്കുക.

28) 'സരസ്വത്വാസ്തത്വം കവി സഹൃദയാഖ്യം വിജയതേ' കവി സഹൃയാഖ്യമാണ് സാരസ്വതതത്വത്തിന്റെ വിജയമെന്ന് പൗരസ്ത്യർ വിശ്വസിക്കാൻ കാരണമെന്ത് ?

29) ശബ്ദവ്യാപാരങ്ങൾ ഏതെല്ലാം ?

30) ഉൽപ്രേക്ഷയുടെ വിഭാഗങ്ങൾ ഉദാഹരണസഹിതം ലക്ഷണ ചർച്ച ചെയ്യുക.

31) ഹാ ! പുഷ്പമേ, അധിക തുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീഭൂവിലസ്ഥിരമസംശയമിന്നു നിന്റെ യാഭൂതി –
യെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ

വൃത്തം തിരിച്ച് ലക്ഷണം നിർവചിക്കുക. **(6×4=24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

32) കിളിപ്പാട്ട് വൃത്തങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

33) 'തുറന്നു പറയുന്നതിനപ്പുറം കവിതയിൽ ചിലത് അവശേഷിക്കുന്നു; കവിതയുടെ ലാവണ്യതത്ത്വം അന്വേഷിച്ചുപോയ, ആനന്ദവർദ്ധനൻ കണ്ടെത്തിയ ഉത്തരമാണ് ധ്വനി' – വിശകലനം ചെയ്യുക.

34) ''നിയോക്ലാസ്സിസിസത്തിന്റെ അന്ധവും വന്ധ്യവുമായ പാരമ്പര്യത്തിനെതിരെ ആഞ്ഞടിച്ച ഒരു കലാപക്കൊടുങ്കാറ്റായാണ് സാഹിത്യചരിത്രകാരന്മാർ കാല്പനിക പ്രസ്ഥാനത്തെ വിലയിരിത്തിയിട്ടുള്ളത് '' – പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കാല്പനികതയുടെ സവിശേഷതകൾ ക്രോഡീകരിക്കുക.

35) പൗരസ്ത്യരുടെ അഭിപ്രായത്തിൽ കാവ്യഹേതുക്കൾ ഏതെല്ലാമാണ് ? വിശദീകരിക്കുക.

**(2×15=30 Marks)**

---

(Pages : 3)

C – 3627

Reg. No. : ......................................

Name : ..........................................

# Second Year B.A./B.Sc. Degree Examination, July 2017

## Part – II : MALAYALAM

## Paper – III : Gadya Sahithyam

Time : 3 Hours

Max. Marks : 100

I. **ഓരോന്നിനും ഒരു** പുറത്തിൽ (**നൂറു** വാക്ക്) കവിയാതെ ഏതെങ്കിലും **ഏഴെണ്ണ**ത്തിന് ഉത്തരമെഴുതുക.

1) ''അതൊക്കെ കണ്ടും കേട്ടും സംതൃപ്തനായാണ് വീഞ്ഞു കടക്കാരൻ ക്ലെമാംസായ്വ് കണ്ണടച്ചത് ''. ഏതൊക്കെ ? സന്ദർഭമേത് ?

2) ''മരണത്തിന് നിശ്ശബ്ദമാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ലെസ്ലീ സായ്വിന്റെ ശബ്ദം''. സന്ദർഭമേത് ? വ്യക്തമാക്കുക.

3) അവൾക്കൊരു വ്യക്തിസ്വാതന്ത്ര്യം അവകാശപ്പെടാനില്ല. ആർക്ക് ? എന്തുകൊണ്ട് ?

4) 'വടിവും ഞൊറിവും തമ്മിലുള്ള വൈജാത്യത്തിലേക്കു തന്നെയാണ് ഈ തുലനവും വിരൽ ചൂണ്ടുന്നത് ' – വിവക്ഷിതമെന്ത് ?

5) 'പ്രതിഭയുടെ ഈ വൈരുദ്ധ്യ സ്വഭാവത്തിലൂടെയാണ് പാരമ്പര്യം നവീകരിക്കപ്പെടുന്നത്.' – വിശദമാക്കുക.

6) 'എത്ര ഭംഗിയായി അച്ഛൻ എന്ന വിദ്വാൻ മോരൊഴിച്ചു കുഴച്ച ചോറ് പാകപ്പെടുത്തിയെടുത്തു' – സന്ദർഭമേത് ?

7) ആ നികുഞ്ജത്തിലെ ഓരോ നിമിഷവും എനിക്കു നിർവ്വാണസുഖം നൽകിയിരുന്നു. ആർക്ക് ? എന്തുകൊണ്ട് ?

8) ''മീനാക്ഷിയേടത്തി ഇത്രയധികം തലയെടുപ്പോടെ മുമ്പു സംസാരിച്ചു കണ്ടിട്ടില്ല.'' ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

9) 'ഈറ്റില്ലം നിലവറക്കുണ്ടാണ് '. ഇങ്ങനെ തോന്നാൻ കാരണമെന്ത് ? **(7×4=28 മാർക്ക്)**

P.T.O.

II. **നാലു പുറത്തിൽ (നാന്നൂറു വാക്ക്) കവിയാതെ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

10) ഒറ്റപ്പെടലിന്റെയും പുറംതള്ളപ്പെടലിന്റെയും വ്യഥകൾ പങ്കുവെയ്ക്കുന്ന നോവലാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' – വിലയിരുത്തുക.

**അല്ലെങ്കിൽ**

സാഹിത്യദർശനങ്ങളുടെ ഭാരമില്ലാതെയും വായിക്കാവുന്ന മനോഹരമായ കാവ്യശില്പമാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ'. ചർച്ച ചെയ്യുക.

11) യുവനിരൂപകർ കരുതിയിരിക്കേണ്ട ചതിയിടങ്ങളെക്കുറിച്ച് എം. എൻ. വിജയന്റെ മുന്നറിയിപ്പുകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

ഞൊറിവുകളെ കുറിച്ച് ആർ. വിശ്വനാഥന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

12) എം. ടി. യുടെ കഥനപാടവം വിളംബരപ്പെടുത്തുന്ന കഥയാണ് 'കർക്കിടകം'. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ഉത്തരാധുനികകഥയുടെ ഗണത്തിൽ പെടുത്താവുന്ന കഥയാണ് 'ഉമ്പർട്ടോ എക്കോ'. അഭിപ്രായമെന്ത് ? **(3×14=42 മാർക്ക്)**

13) തെറ്റുണ്ടെങ്കിൽ തിരുത്തുക.

a) 1) അപിപ്രായം

2) ജാകരൂഗം

3) പരതന്ത്ര്യം

4) വ്രഷ്ടി

5) തീർത്ഥാടനം

6) ദവളം. **(6×½= 3 മാർക്ക്)**

b) 1) സേവനമേഖലയിൽ കാതലായ പല പ്രധാനപ്പെട്ട മാറ്റങ്ങളും വന്ന വർഷമാണിത്.

2) പൂട്ടിക്കിടക്കുന്ന വീടുകൾ മിക്കവയും പുതുക്കി നവീകരിച്ചിട്ടുണ്ട്.

3) അവശേഷിച്ച ബാക്കി നിക്ഷേപങ്ങൾ സമാഹരിച്ചു. **(3×1=3 മാർക്ക്)**

14) നാലു പുറത്തിൽ (നാന്നൂറു വാക്ക്) കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഉപന്യസിക്കുക.

a) മതഭീകരതയുടെ ക്രൂരമുഖങ്ങൾ

b) സ്ത്രീസുരക്ഷയും വെല്ലുവിളികളും. (1×12=12 മാർക്ക്)

15) മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

In a village, the Gram Panchayat provides civic amenities to the people. The word panchayat means a council of five. All the villagers who are 18 years of age and above elect the members of the Gram panchayat. The panchayat is elected for five years. The head of a panchayat is a Sarpanch. She/He is elected by the panchayat. (1×12=12 മാർക്ക്

(Pages : 3) C – 3757

Reg. No. : ..................................

Name : ......................................

**Fourth Semester B.A. Degree Examination, July 2017**
**First Degree Programme Under CBCSS**
**MALAYALAM : LANGUAGE, CULTURE AND LITERATURE**
**Complementary Course – VII**
**ML 1431 : Dalithezhuthu, Pennezhuthu : Sidhanthavum Avishkaravum**
**(2014 Admission Onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ, പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക :

1) ദലിതരെ ഹരിജൻ എന്ന് പരാമർശിച്ചതാര് ?

2) സൈമൺ കമ്മീഷൻ ദലിതരെ പരാമർശിച്ചതെങ്ങനെ ?

3) ജാതിക്കുമ്മി രചിച്ചതാര് ?

4) 'അച്ചന്റെ വെന്തീഞ്ഞ ന്നാ' എന്ന കഥ എഴുതിയതാര് ?

5) സർവേ ഓഫ് ഇന്ത്യ ആരുടെ കവിതയാണ് ?

6) ഊരാളക്കുടി എന്ന നോവലെഴുതിയത് ?

7) പെണ്ണെഴുത്ത് എന്ന് ആദ്യം പ്രയോഗിച്ചതാര് ?

8) പാപത്തറ ആരുടെ കഥാസമാഹാരമാണ് ?

9) 'എന്റെ കഥ' എഴുതിയത് ?

10) 'ദൈവം സ്വർഗത്തിൽ' എന്ന കഥ ആരുടേതാണ് ? **(10×1=10 മാർക്ക്)**

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും **8** ചോദ്യത്തിന് ഉത്തരമെഴുതുക :

11) ഇക്കാണും ലോകങ്ങളീശ്വരന്റെ
മക്കളാണെല്ലാമൊരു ജാതി – ആരുടെ വരികൾ ? ആശയം വിശദമാക്കുക.

12) ഒടുക്കം കുറി വീണത്
അൽസിരയെന്ന
അയർലൻഡുകാരിക്ക്,
നെറ്റിനും ചാറ്റിനും കടപ്പാട് – ആശയം വിശദമാക്കുക.

P.T.O.

13) 'കണ്ടങ്കോരനെ നിങ്ങളറിയും' – വിശദീകരിക്കുക.

14) 'പാലുവം പെണ്ണിനെത്തേടി'യുടെ സവിശേഷതകൾ എന്തെല്ലാം ?

15) ഊരാളിമാരുടെ ജീവിതാചാരരീതികൾ എന്തെല്ലാം ?

16) കുട്ടിച്ചൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം വ്യക്തമാക്കുക.

17) ബാല്യകാലസ്മരണകളുടെ പ്രത്യേകതകൾ എന്തെല്ലാം ?

18) 'എങ്ങിനെയറിയും നീ വന്ധ്യയാമെന്നാത്മാവിൽ – ത്തിങ്ങിന വാത്സല്യത്തെ – നീ വെറും വേലക്കാരി. ! – ആശയം വിശദമാക്കുക.

19) അടുക്കളയിൽ നിന്ന് അരങ്ങത്തേക്കു വന്ന ഒരു വീട്ടുപകരണമാണു ഞാൻ – ഈ വരികളിൽ പ്രകടമാകുന്ന ആശയലോകം ചർച്ച ചെയ്യുക.

20) ''ഞങ്ങളുടെ ബലം മുഴുവൻ വിലാസിനിയിലാണ്. ഇനിയൊരു കാലത്ത് ഒന്നാംതരമൊരു വനിതാ വക്കീലാകേണ്ട ഞങ്ങളുടെ വിലാസിനി'' – ആരുടെ വാക്കുകൾ ? സന്ദർഭം വിശദമാക്കുക.

21) 'ദലിത്' എന്ന പദത്തിന്റെ ഉത്ഭവവും അർത്ഥവും വിശദീകരിക്കുക.

22) പാരിസ്ഥിതിക സ്ത്രീവാദം എന്നാലെന്ത് ? **(8×2=16 മാർക്ക്)**

III. **ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും 6 ചോദ്യത്തിന് ഉത്തരമെഴുതുക.**

23) ജാതിക്കുമ്മിയുടെ രചനാപരമായ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു ? അവ പാലിക്കാൻ കൃതിയിലൂടെ സാധിച്ചിട്ടുണ്ടോ ?

24) ജാതിവ്യവസ്ഥയിൽപ്പെട്ട് സ്വത്വം നഷ്ടപ്പെടുന്നവന്റെ കഥകളാണ് ടി. കെ. സി. രചിച്ചത് ? വിശദമാക്കുക.

25) സ്ത്രീവാദത്തിന്റെ വിഭിന്ന ധാരകളേവ ? വിശദമാക്കുക.

26) കുടിയേറ്റകർഷകർ ആദിവാസികളായ ഊരാളരോട് ഇടപ്പെട്ടത് എങ്ങനെ ? വിശദമാക്കുക.

27) മലയാളത്തിലെ ഫെമിനിസ്റ്റ് സാഹിത്യ ചരിത്രത്തിൽ കെ. സരസ്വതിയമ്മയുടെ സ്ഥാനമെന്ത് ?

28) ഇ. പി. സുഷമയുടെ 'വസുന്ധര' എന്ന കഥയ്ക്ക് ഒരാസ്വാദനം എഴുതുക.

29) 'ദൈവം സ്വർഗത്തിൽ' എന്ന കഥയിൽ ഫലിതബോധത്തിന്റെ ഒരിഴയുണ്ട് എന്ന അഭിപ്രായം വിലയിരുത്തുക.

30) ബാല്യകാലസ്മരണകളിൽ കടന്നു വരുന്ന പുന്നയൂർക്കുളത്തുകാർ ആരെല്ലാം ?

31) എം. ആർ. രേണുകുമാർ, എം. ബി. മനോജ് എന്നിവരുടെ കവിതകളെ താരതമ്യം ചെയ്ത് ഒരാസ്വാദനമെഴുതുക. (6×4=24 മാർക്ക്)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) മലയാളത്തിലെ നാടൻ പാട്ടുകളെപ്പറ്റി 'പാലുവം പെണ്ണിനെത്തേടി' എന്ന പാട്ടിനെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

33) ഫെമിനിസത്തിന്റെ സൈദ്ധാന്തികതലം വിശദീകരിക്കുക.

34) കുടിയേറ്റക്കാർ ചൂഷണം ചെയ്തു നശിപ്പിച്ച ഊരാളരുടെ കഥയെന്ന് ഊരാളക്കുടിയെ വിശേഷിപ്പിക്കാം – ചർച്ച ചെയ്യുക.

35) മാധവിക്കുട്ടിയുടെ ഓർമ്മച്ചിത്രങ്ങൾ മിഴിവേറിയവയാണ് – ബാല്യകാല സ്മരണകളെ അടിസ്ഥാനമാക്കി വിലയിരുത്തുക. (2×15=30 മാർക്ക്)

(Pages : 3) **C – 3663**

**Reg. No. : .....................................**

**Name : .........................................**

**Fourth Semester B.A./B.Sc. Degree Examination, July 2017**
**First Degree Programme Under CBCSS**
**MALAYALAM LANGUAGE**
**Language Course – IX (Additional Language – IV)**
**ML 1411.1 : വിനിമയം, വിവർത്തനം, സർഗാത്മകരചന**
**(2013 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക :

1) ഇന്ത്യയിലെ ആദ്യത്തെ പത്രം ഏതാണ് ?

2) ആധുനിക അച്ചടിയുടെ പിതാവ് ആരാണ് ?

3) കേരളത്തിൽ ആദ്യമായി ടെലിവിഷൻ സംപ്രേക്ഷണം നടന്ന വർഷമേത് ?

4) ഭാരതീയ കാവ്യചിന്തകന്മാർ ആസ്വാദകർക്ക് നല്കുന്ന പേരെന്ത് ?

5) 'ധ്വന്യാലോകം' എന്ന കൃതി രചിച്ചതാര് ?

6) ''മൂലഗ്രന്ഥകാരനെ അതിശയിക്കുകയല്ല, അനുസരിക്കുകയാണ് വിവർത്തകന്റെ കർത്തവ്യം'' എന്ന് അഭിപ്രായപ്പെട്ടതാര് ?

7) കുമാരനാശാന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട എസ്സ്. എൻ. ഡി. പി.യുടെ മുഖപത്രമേത് ?

8) ഇന്ത്യയിലെ ആദ്യത്തെ ശബ്ദസിനിമ ഏതാണ് ?

9) മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയുടെ പേരെന്ത് ?

10) ലക്ഷ്യഭാഷ എന്നാൽ എന്ത് ?

**(10×1=10 മാർക്ക്)**

P.T.O.

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

11) ബഹുജനവിനിമയം എന്നാൽ എന്ത് ?

12) സഹൃദയനെക്കുറിച്ചുള്ള ഭാരതീയസങ്കല്പം എന്ത് ?

13) ഇന്റർനെറ്റിനെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

14) കാവ്യവിവർത്തകൻ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെ ?

15) കലയെക്കുറിച്ച് ടോൾസ്റ്റോയി നടത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ?

16) മലയാളത്തിലെ ബ്ലോഗുകളെ പരിചയപ്പെടുത്തുക.

17) ജനപ്രിയമാധ്യമം – കുറിപ്പു തയ്യാറാക്കുക.

18) "സർഗാത്മകത അഥവാ പ്രതിഭ നൈസർഗ്ഗിക സിദ്ധിയാണ്." – പരിശോധിക്കുക.

19) വെബ് മാഗസിനുകൾ എന്താണ് ? വിശദമാക്കുക.

20) ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
കാട്ടിന്നകത്തോ കടലിന്നകത്തോ
കാട്ടിത്തരുന്നു വിധി രത്നമെല്ലാം."

21) മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

The place of the Himalayas in Indian life still awaits investigation at the hands of Indian Sociology. About its funa and flora, its influence on climate and physical geography we know.

22) "An idle mind is the devil's work shop" – ഇതിന് സമാനമായ മലയാള പഴമൊഴി കണ്ടെത്തി ആശയം വിശദമാക്കുക.

**(8×2=16 മാർക്ക്)**

. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) ഭരണഭാഷയുടെ സ്വഭാവങ്ങൾ എന്തെല്ലാം ?

24) കാവ്യഭാഷയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെ നിലപാടുകൾ ക്രോഡീകരിക്കുക.

25) കവിയെയും ഭാവനയെയും കുറിച്ചുള്ള വേർഡ്സ്വർത്തിന്റെയും കോളറിഡ്ജിന്റെയും അഭിപ്രായങ്ങൾ വിശദമാക്കുക.

26) ആശയവിനിമയത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് വിശദീകരിക്കുക.

27) ശാസ്ത്രവിവർത്തകൻ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ഏവ ?

28) ടെലിവിഷൻ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

29) വിവർത്തനത്തിന്റെ പരിമിതികൾ വ്യക്തമാക്കുക.

30) മലയാളത്തിലെ റേഡിയോപ്രക്ഷേപണത്തിന്റെ ചരിത്രം പരിശോധിക്കുക.

31) വേൾഡ് വൈഡ് വെബ്ബ് എന്നാലെന്ത് ? വിശദമാക്കുക.

**(6×4=24 മാർക്ക്)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) ഇലക്ട്രോണിക് മാധ്യമങ്ങൾ തുറന്നു തരുന്ന പുത്തൻ വിനിമയസാധ്യതകളെക്കുറിച്ച് ഉപന്യസിക്കുക.

33) ടാഗോർ കൃതികളുടെ മലയാള വിവർത്തനങ്ങൾ പരിചയപ്പെടുത്തുക.

34) മാധ്യമങ്ങളും സമൂഹവുമായുള്ള ബന്ധത്തെക്കുറിച്ച് ഉപന്യസിക്കുക.

35) ''വളരെക്കാലം അടിമത്തത്തിലായിരുന്ന ഒരു ജനതയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചാലും അടിമത്തത്തിന്റെ ചങ്ങലപ്പാടുകൾ പിന്നെയും അവശേഷിക്കും. മാതൃഭാഷയുടെ കാര്യത്തിൽ കേരളജനതയ്ക്ക് സംഭവിച്ചതിതാണ്.'' – പ്രസ്താവനയോട് പ്രതികരിക്കുക.

**(2×15=30 മാർക്ക്)**

---